**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2791** **12-07-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ മേഖലയിൽ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുല്ലപ്പെരിയാർ മേഖലയിൽ വള്ളക്കടവ് മുതൽ മുല്ലപ്പെരിയാർ ഡാം സൈറ്റ് വരെ റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് കേരളത്തിന് കത്ത് നൽകിയിട്ടുണ്ടോ; | (എ) | മുല്ലപെരിയാർ മേഖലയിൽ വള്ളക്കടവ് മുതൽ മുല്ലപ്പെരിയാർ ഡാം സൈറ്റ് വരെ റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് തമിഴ് നാട് കേരളത്തിന് കത്ത് നൽകിയിട്ടില്ല. നിലവിലുള്ള കാനന പാത റിപ്പയർ ചെയ്യണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത കത്തും പ്രൊപ്പോസലും 16-08-2012 തീയതിയിൽ തമിഴ്നാട് സർക്കാരിന് വേണ്ടി എക്സിക്യൂട്ടീവ് എൻജിനീയർ, PWD (WRD), പെരിയാർ ഡാം സ്പെഷ്യൽ ഡിവിഷൻ കമ്പം പെരിയാർ ഈസ്റ്റ് ഡിവിഷൻ ഓഫീസിൽ നൽകിയിരുന്നു. ഈ പ്രൊപ്പോസലിൽ വ്യക്തത വരുത്തി സമർപ്പിക്കുന്നതിന് പെരിയാർ ഈസ്റ്റ് ഡിവിഷൻ ഓഫീസിൽ നിന്ന് നൽകിയ നിർദ്ദേശപ്രകാരം 11-06-2015 തീയതിയിൽ ഫോറസ്റ്റ് ക്ലിയറൻസിനായി ഓൺലൈൻ പോർട്ടൽ മുഖേന പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. 30-06-2022 തീയതിയിൽ നൽകിയ കത്തിൽ മേൽ പ്രവൃത്തിക്ക് ആവശ്യമായ ചെലവ് വഹിക്കാൻ സന്നദ്ധമാണെന്ന് തമിഴ് നാട് സർക്കാർ പരാമർശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കത്ത് എന്നാണ് അയച്ചതെന്നും ഈ റോഡിന്റെ നിർമ്മാണച്ചെലവ് തമിഴ്നാട് സർക്കാർ വഹിച്ചുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ടോയെന്നും ആരാണ് തമിഴ്നാട് സർക്കാറിന് വേണ്ടി കത്ത് അയച്ചതെന്നും അറിയിക്കാമോ; | (ബി) | മുല്ലപെരിയാർ മേഖലയിൽ വള്ളക്കടവ് മുതൽ മുല്ലപ്പെരിയാർ ഡാം സൈറ്റ് വരെ റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് തമിഴ് നാട് കേരളത്തിന് കത്ത് നൽകിയിട്ടില്ല. നിലവിലുള്ള കാനന പാത റിപ്പയർ ചെയ്യണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത കത്തും പ്രൊപ്പോസലും 16-08-2012 തീയതിയിൽ തമിഴ്നാട് സർക്കാരിന് വേണ്ടി എക്സിക്യൂട്ടീവ് എൻജിനീയർ, PWD (WRD), പെരിയാർ ഡാം സ്പെഷ്യൽ ഡിവിഷൻ കമ്പം |

| | | | |
|---|---|---|---|
| | | | പെരിയാർ ഈസ്റ്റ് ഡിവിഷൻ ഓഫീസിൽ നൽകിയിരുന്നു. ഈ പ്രൊപ്പോസലിൽ വ്യക്തത വരുത്തി സമർപ്പിക്കുന്നതിന് പെരിയാർ ഈസ്റ്റ് ഡിവിഷൻ ഓഫീസിൽ നിന്ന് നൽകിയ നിർദ്ദേശപ്രകാരം 11-06-2015 തീയതിയിൽ ഫോറസ്റ്റ് ക്ലിയറൻസിനായി ഓൺലൈൻ പോർട്ടൽ മുഖേന പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. 30-06-2022 തീയതിയിൽ നൽകിയ കത്തിൽ മേൽ പ്രവൃത്തിക്ക് ആവശ്യമായ ചെലവ് വഹിക്കാൻ സന്നദ്ധമാണെന്ന് തമിഴ് നാട് സർക്കാർ പരാമർശിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡ് അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത എന്താണെന്നാണ് കത്തിൽ പറഞ്ഞിട്ടുള്ളത്; വിശദാംശം നൽകുമോ; | (സി) | ശക്തമായ മഴമൂലം റോഡിൽ കുഴികൾ രൂപപ്പെട്ട് ഗതാഗത യോഗ്യമല്ലാതാകുകയും വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയും തന്മൂലം തമിഴ് നാട് ഉദ്യോഗസ്ഥർക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്യുതാണ് റോഡ് അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതിന്റെ ആവശ്യകതയെന്ന് പ്രസ്തുത കത്തിൽ പരാമർശിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത റോഡിൽ അവസാനമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയത് എന്നാണ്; യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതാണോ റോഡ് തകരാൻ കാരണമെന്ന് വിശദമാക്കുമോ; | (ഡി) | 2019-ലാണ് വനം സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി അവസാനമായി അറ്റകുറ്റപ്പണികൾ നടത്തിയത്. വനം സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ആവശ്യാനുസരണം അറ്റകുറ്റപ്പണികൾ നടത്തി വരുന്നു. |
| (ഇ) | പ്രസ്തുത കത്തിന്മേൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (ഇ) | പ്രസ്തുത പ്രൊപ്പോസൽ സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫ്, നാഷണൽ ഫോർ വൈൽഡ് ലൈഫ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം എന്നിവയുടെ അനുമതി ആവശ്യമാണ്. അനുമതി ലഭിക്കുകയാണെങ്കിൽ ടി പ്രവർത്തി കേരള സംസ്ഥാന മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറിന്റെ പരിശോധനയ്ക്ക് വിധേയമായി യൂസർ ഏജൻസിയായ തമിഴ് നാട് PWD (WRD) ആണ് നിർവ്വഹിക്കേണ്ടത്. |
| (എഫ്) | പ്രസ്തുത റോഡിന്റെ നിർമ്മാണം ഏത് ഓഫീസ് മുഖേനയാണ് നിർവ്വഹിക്കേണ്ടതെന്നും ഇതിന് ആരുടെയൊക്കെ അനുമതി ആവശ്യമാണെന്നും വിശദമാക്കുമോ? | (എഫ്) | പ്രസ്തുത പ്രൊപ്പോസൽ സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫ്, നാഷണൽ ഫോർ വൈൽഡ് ലൈഫ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം എന്നിവയുടെ അനുമതി ആവശ്യമാണ്. അനുമതി ലഭിക്കുകയാണെങ്കിൽ ടി പ്രവർത്തി കേരള സംസ്ഥാന മൈനർ ഇറിഗേഷൻ |

| | | | |
|---|---|---|---|
| | | | ഡിപ്പാർട്ട്മെൻറിന്റെ പരിശോധനയ്ക്ക് വിധേയമായി യൂസർ ഏജൻസിയായ തമിഴ് നാട് PWD (WRD) ആണ് നിർവ്വഹിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ